പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5771

28.03.2018-ൽ മറുപടിയ്ക്ക്

## പ്രാവച്ചമ്പലം - കരമന റോഡിൽ ട്രാഫിക് നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രധാന പട്ടണങ്ങളിലും തലസ്ഥാന നഗരത്തിലും ട്രാഫിക് സിഗ്നലുകളിൽ സ്ഥിരമായി ട്രാഫിക് വാർഡന്മാരെയോ പോലീസ് ഉദ്യോഗസ്ഥരെയോ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) തിരക്കുകൂടുതലുള്ള സന്ദർഭങ്ങളിൽ ആവശ്യം വേണ്ട സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നലുകളിൽ പോലീസ് ഉദ്യോഗസ്ഥരേയും ട്രാഫിക് വാർഡന്മാരേയും നിയോഗിച്ചു വരുന്നുണ്ട്. |
| (ബി) തിരുവനന്തപുരം നഗരത്തിൽ പ്രധാനപ്പെട്ട ട്രാഫിക് സിഗ്നലുകളിൽ ദിവസേന നൂറ് കണക്കിന് അപകടങ്ങൾ ഉണ്ടാകുന്ന കാര്യം പരിശോധിക്കുമോ ; | (ബി) തിരുവനന്തപുരം നഗരത്തിലെ പ്രധാനപ്പെട്ട സിഗ്നലുകളിൽ ദിവസേന നൂറുകണക്കിന് അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പുതുതായി നിർമ്മിച്ച പ്രാവച്ചമ്പലം - കരമന റോഡിൽ ദിവസേന നിരവധി അപകടങ്ങൾ ഉണ്ടാകുന്ന കാര്യം ആഭ്യന്തര വകുപ്പ് പരിശോധിച്ചിട്ടുണ്ടോ ; | (സി) പ്രാവച്ചമ്പലം - കരമന റോഡിൽ അമിതമായ വേഗത്തിലും അശ്രദ്ധമായും വാഹനം ഓടിക്കുന്നതുമൂലം ഉണ്ടാകുന്ന അപകടങ്ങൾ നിയന്ത്രിക്കുന്നതിലേയ്ക്കായി ടി റോഡിൽ പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പു വരുത്തിയിട്ടുണ്ട്. |
| (ഡി) മൂന്ന് വരിയിലും ടൂ വീലർ യാത്രക്കാർ നിരന്ന് പോകുന്നതിനാൽ ടൂ വീലർ അപകടം നിത്യേന ഉണ്ടാകുന്നത് തടയുവാൻ ആവശ്യമായ നിർദ്ദേശം ട്രാഫിക് വിഭാഗത്തിന് നൽകുമോ ; | (ഡി) അമിതവേഗത്തിലും അശ്രദ്ധമായും വാഹനം ഓടിക്കുന്നത് തടഞ്ഞും, കർശനമായ വാഹന പരിശോധന നടത്തിയും, ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയും, സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സഹായത്താലും ടൂ വീലർ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(ജ) പരീക്ഷണാടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പിന്റെ മേൽനോട്ടത്തിൽ കരമന - പ്രാവച്ചമ്പലം ഹൈവേയിൽ അപകടം കുറയ്ക്കുവാൻ ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

(ജ) പ്രാവച്ചമ്പലം കരമന ഉൾപ്പെടെയുള്ള ഹൈവേകളിൽ പോലീസ് ഉദ്യോഗസ്ഥർ മൊബൈൽ പട്രോളിംഗ്, ബൈക്ക് പട്രോളിംഗ്, ഹൈവേ പട്രോളിംഗ് തുടങ്ങിയ സംവിധാനം ഉപയോഗിച്ച് റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുപരിയായി തിരക്ക് കൂടുതലുള്ള സന്ദർഭങ്ങളിൽ ആവശ്യം വേണ്ട സ്ഥലങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർ എത്തി ഗതാഗത നിയന്ത്രണം നടത്തി വരുന്നു. കൂടാതെ ടി പ്രദേശങ്ങളിൽ അത്യാധുനിക വേഗത പരിശോധനാ ക്യാമറകൾ സ്ഥാപിച്ച് എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

k

(ഒപ്പ്)

സെക്ഷൻ ഓഫീസർ